## 15 -ാം കേരള നിയമസഭ

## 4 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1023** **24-02-2022 - ൽ മറുപടിയ്ക്ക്**

## കുപ്പിവെള്ള കച്ചവടത്തിൽ സ്വകാര്യ കമ്പനികളുടെ കടന്നുകയറ്റം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കുപ്പിവെള്ളക്കച്ചവടത്തിലെ സ്വകാര്യ കമ്പനികളുടെ കടന്നുകയറ്റവും അമിതവില ഈടാക്കലും തടയുന്നതിന് മുൻ സർക്കാരും നിലവിലെ സർക്കാരും സ്വീകരിച്ചുവരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (എ) | കുപ്പിവെള്ള കച്ചവടത്തിൽ സ്വകാര്യ കമ്പനികളുടെ കടന്നുകയറ്റം തടയുന്നതിനും ഗുണമേന്മയുള്ള കുപ്പിവെള്ളം വിപണിയിൽ എത്തിക്കുന്നതിനുമായി സർക്കാർ മേഖലയിൽ തൊടുപുഴയിലും അരുവിക്കരയിലും 'ഹില്ലി അക്വാ' എന്ന പേരിൽ കുപ്പിവെള്ള നിർമ്മാണ പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്. തൊടുപുഴ പ്ലാന്റിൽ നിന്നും 1 ലിറ്റർ കുപ്പിവെള്ളവും അരുവിക്കര പ്ലാന്റിൽ നിന്നും 1 ലിറ്റർ കുപ്പിവെള്ളം, 20 ലിറ്റർ ജാർ എന്നിവയും ഉൽപ്പാദിപ്പിച്ചു വിതരണം നടത്തിവരുന്നു. 13 രൂപയ്ക്കാണ് ഒരു ലിറ്റർ കുപ്പിവെള്ളം ഉൽപ്പാദിപ്പിച്ചുവിതരണം നടത്തി വരുന്നത്. കൂടുതൽ കുപ്പിവെള്ള നിർമ്മാണ പ്ലാന്റുകൾ സ്ഥാപിച്ച് കുപ്പിവെള്ളത്തിന്റെ വിതരണം വിപുലമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സംസ്ഥാനത്ത് കുപ്പി വെള്ളത്തിന്റെ വില ലിറ്ററിന് 13 രൂപ ആയി നിശ്ചയിച്ച് പുറപ്പെടുവിച്ച 17.03.2020-ലെ സ.ഉ (അച്ചടി) 5/20/ഭ.പൊ.വി.വ നമ്പർ ഉത്തരവ് ബഹു. ഹൈക്കോടതി സ്റ്റേ ചെയ്തിട്ടുണ്ട്. സപ്ലൈകോ ഔട്ട് ലെറ്റുകൾ മുഖേന കുപ്പിവെള്ളം ലിറ്ററിന് 11രൂപ നിരക്കിൽ നൽകി വന്നിരുന്നു. |
| (ബി) | ജലലഭ്യതയുള്ള സംസ്ഥാനത്ത് സ്വകാര്യമേഖലയുടെ കടന്നുകയറ്റവും അമിതവില ഈടാക്കലും തടയുവാനായി സർക്കാർ പ്രഖ്യാപിച്ച 13/- രൂപയ്ക്ക് ഒരു ലിറ്റർ കുടിവെള്ളം ജലവിഭവ വകുപ്പ് വഴി ലഭ്യമാക്കാൻ സ്വീകരിച്ചുവരുന്ന പ്രധാന നടപടികൾ വിശദമാക്കുമോ; | (ബി) | കുപ്പിവെള്ള കച്ചവടത്തിൽ സ്വകാര്യ കമ്പനികളുടെ കടന്നുകയറ്റം തടയുന്നതിനും ഗുണമേന്മയുള്ള കുപ്പിവെള്ളം വിപണിയിൽ എത്തിക്കുന്നതിനുമായി സർക്കാർ മേഖലയിൽ തൊടുപുഴയിലും അരുവിക്കരയിലും 'ഹില്ലി അക്വാ' എന്ന പേരിൽ കുപ്പിവെള്ള നിർമ്മാണ പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്. തൊടുപുഴ പ്ലാന്റിൽ നിന്നും 1 ലിറ്റർ കുപ്പിവെള്ളവും അരുവിക്കര പ്ലാന്റിൽ നിന്നും 1 ലിറ്റർ കുപ്പിവെള്ളം, 20 ലിറ്റർ ജാർ എന്നിവയും ഉൽപ്പാദിപ്പിച്ചു വിതരണം നടത്തിവരുന്നു. 13 രൂപയ്ക്കാണ് ഒരു ലിറ്റർ കുപ്പിവെള്ളം ഉൽപ്പാദിപ്പിച്ചുവിതരണം നടത്തി വരുന്നത്. കൂടുതൽ കുപ്പിവെള്ള നിർമ്മാണ പ്ലാന്റുകൾ |

| | | | |
|---|---|---|---|
| | | | സ്ഥാപിച്ച് കുപ്പിവെള്ളത്തിന്റെ വിതരണം വിപുലമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സംസ്ഥാനത്ത് കുപ്പി വെള്ളത്തിന്റെ വില ലിറ്ററിന് 13 രൂപ ആയി നിശ്ചയിച്ച് പുറപ്പെടുവിച്ച 17.03.2020-ലെ സ.ഉ (അച്ചടി) 5/20/ഭ.പൊ.വി.വ നമ്പർ ഉത്തരവ് ബഹു. ഹൈക്കോടതി സ്റ്റേ ചെയ്തിട്ടുണ്ട്. സപ്ലൈകോ ഔട്ട് ലെറ്റുകൾ മുഖേന കുപ്പിവെള്ളം ലിറ്ററിന് 11രൂപ നിരക്കിൽ നൽകി വന്നിരുന്നു. |
| (സി) | മേൽ പ്രഖ്യാപനത്തിലൂടെയുള്ള സേവനം സപ്ലൈകോ വഴിയും മറ്റ് സർക്കാർ വകുപ്പുകൾ മുഖേനയും ജനങ്ങൾക്ക് ലഭ്യമാക്കാൻ എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (സി) | കുപ്പിവെള്ള കച്ചവടത്തിൽ സ്വകാര്യ കമ്പനികളുടെ കടന്നുകയറ്റം തടയുന്നതിനും ഗുണമേന്മയുള്ള കുപ്പിവെള്ളം വിപണിയിൽ എത്തിക്കുന്നതിനുമായി സർക്കാർ മേഖലയിൽ തൊടുപുഴയിലും അരുവിക്കരയിലും 'ഹില്ലി അക്വാ' എന്ന പേരിൽ കുപ്പിവെള്ള നിർമ്മാണ പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്. തൊടുപുഴ പ്ലാന്റിൽ നിന്നും 1 ലിറ്റർ കുപ്പിവെള്ളവും അരുവിക്കര പ്ലാന്റിൽ നിന്നും 1 ലിറ്റർ കുപ്പിവെള്ളം, 20 ലിറ്റർ ജാർ എന്നിവയും ഉൽപ്പാദിപ്പിച്ചു വിതരണം നടത്തിവരുന്നു. 13 രൂപയ്ക്കാണ് ഒരു ലിറ്റർ കുപ്പിവെള്ളം ഉൽപ്പാദിപ്പിച്ചുവിതരണം നടത്തി വരുന്നത്. കൂടുതൽ കുപ്പിവെള്ള നിർമ്മാണ പ്ലാന്റുകൾ സ്ഥാപിച്ച് കുപ്പിവെള്ളത്തിന്റെ വിതരണം വിപുലമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സംസ്ഥാനത്ത് കുപ്പി വെള്ളത്തിന്റെ വില ലിറ്ററിന് 13 രൂപ ആയി നിശ്ചയിച്ച് പുറപ്പെടുവിച്ച 17.03.2020-ലെ സ.ഉ (അച്ചടി) 5/20/ഭ.പൊ.വി.വ നമ്പർ ഉത്തരവ് ബഹു. ഹൈക്കോടതി സ്റ്റേ ചെയ്തിട്ടുണ്ട്. സപ്ലൈകോ ഔട്ട് ലെറ്റുകൾ മുഖേന കുപ്പിവെള്ളം ലിറ്ററിന് 11രൂപ നിരക്കിൽ നൽകി വന്നിരുന്നു. |

സെക്ഷൻ ഓഫീസർ